# ശ്ലീഹാക്കാലം

## മൂന്നാം ഞായർ

## വചന വിചിന്തനം

ലൂക്ക 10,25-37

**ആരാണ് എന്റെ അയൽക്കാരൻ എന്ന് ചോദിക്കുമ്പോൾ ആരായിരിക്കണം നല്ല അയൽക്കാരൻ എന്ന് പറഞ്ഞുകൊണ്ട് സങ്കൽപത്തിലെ സൗഹൃദത്തെ കർത്താവ് പൊളിച്ചെഴുതുന്നു!**

നിയമജ്ഞൻ അറിവുള്ളവനാണ്. പക്ഷേ, അവന്റെ പരാജയം അറിവ് പ്രവർത്തിപഥത്തിൽ എത്തിക്കുന്നതിലാണ്.

''നീ നിന്റെ ദൈവമായ കർത്താവിനെ, പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണ ശക്തിയോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കണം; നിന്റെ അയൽക്കാരനെ നിന്നെപ്പോലെയും" (ലൂക്കാ 10,27). കർത്താവ് പഠിപ്പിക്കുന്ന പ്രധാനവും പ്രഥമവുമായ കൽപന ഇതാണ്. ദൈവത്തെ എല്ലാറ്റിനേയും ഉപരിയായും സഹോദരനെ നിന്നെക്കാൾ ഉപരിയായും സ്നേഹിക്കണം എന്ന് കർത്താവ് പഠിപ്പിക്കുമ്പോൾ താർക്കികനായിട്ടുള്ള നിയമജ്ഞന്റെ അടുത്ത ചോദ്യം, "ആരാണ് എന്റെ അയൽക്കാരൻ?" (ലൂക്കാ 10,29). നിയമജ്ഞന്റെ ചോദ്യത്തിന് കർത്താവ് ഉത്തരം പറയുന്നില്ല. മറിച്ച്, "ആരായിരിക്കണം നല്ല അയൽക്കാരൻ" എന്നാണ് കർത്താവ് പഠിപ്പിക്കുന്നത്. ചുരുക്കത്തിൽ, "നല്ല അയൽക്കാരനാകാൻ നാം എന്ത് ചെയ്യണം" എന്നാണ് കർത്താവ് "നല്ല സമരിയാക്കാരന്റെ" ഉപമയിലൂടെ പഠിപ്പിക്കുന്നത്.

ദൈവസ്നേഹത്തെ കുറിച്ചും സഹോദരസ്നേഹത്തെ കുറിച്ചും ഏറെ വാചാലമാകുന്ന വചനഭാഗമാണ് "നല്ല സമരിയക്കാരന്റെ ഉപമ." കർത്താവ് പറഞ്ഞ "സമരിയക്കാരന്റെ ഉപമയെ" നാം "നല്ല സമരിയക്കാരന്റെ ഉപമ" എന്നുള്ള പേർ നൽകി വിളിക്കുന്നു. കാരണം, സമരിയക്കാരനെ "നല്ല സമരിയക്കാര"നാക്കിയത് അവന്റെ കരുണ നിറഞ്ഞ പ്രവർത്തിയാണ്. എങ്കിൽ, നല്ല അയൽക്കാർ ഉണ്ടാകണം എന്നാഗ്രഹിക്കുന്ന നമുക്ക്, നല്ല അയൽക്കാരനാകാൻ ചെയ്യേണ്ടത് ഇത്ര മാത്രം മനസലിവ് സ്വന്തമാക്കി കരുണയോട് കൂടി പെരുമാറുക. അലിവ്, അനുകമ്പ, ആദ്രത, കരുണ ഇവ മുഖത്തിന്റെ ഭാവമല്ല. മറിച്ച്, ഹൃദയത്തിന്റെ ഭാവമാണ്. പക്ഷെ, ഇന്ന് അലിവിനെയും, അനുകമ്പയെയും, ആദ്രതയെയും, കരുണയെയും മുഖത്തിന്റെ മാത്രം ഭാവമാക്കി മാറ്റുന്നു. ഹൃദയത്തെയും മനസിനെയും ഒന്നുപോലെ അലംകരിക്കുന്ന അലിവിന്റെയും, അനുകമ്പയുടെയും, ആദ്രതയുടെയും, കരുണയുടെയും ഭാവങ്ങൾ അണിയാൻ നാം മറന്ന് പോകുന്നു.

എല്ലാവരുടെയും ആഗ്രഹം നല്ല അയൽക്കാർ വേണമെന്നാണ്. എന്നാൽ, ഒരാൾക്ക് പോലും നല്ല അയൽക്കാരനാകാൻ ആഗ്രഹവുമില്ല. വചനഗ്രന്ഥത്തിൽ നിയമവും പ്രവാചകൻമാരും എന്ന് പറയുന്ന വചനഭാഗം, ''മറ്റുള്ളവർ നിങ്ങൾക്കുചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ" (മത്താ 7,12) സുവർണ നിയമമായി രാജ്യങ്ങൾ അംഗീകരിച്ചവയാണ്. ഇതു തന്നെയാണ് നല്ല അയൽക്കാരനാകാൻ ഹൃദയത്തിൽ എഴുതി ചേർക്കേണ്ടതും. നന്മയാണ് നീ ആഗ്രഹിക്കുന്നതെങ്കിൽ നന്മ പങ്കുവയ്ക്കുക. സ്നേഹമാണ് നീ ആഗ്രഹിക്കുന്നതെങ്കിൽ സ്നേഹം നീ പങ്കുവയ്ക്കുക.

ഈ അടുത്ത ദിവസം പത്രതാളുകളിൽ വായിച്ച നല്ല സമരിയക്കാരനെ കുറിച്ച്. "സവർണ്ണർ കുടിവെള്ളം നിഷേധിച്ചു; ദളിത് യുവാവ് ഒറ്റയ്ക്ക് 40 ദിവസം കൊണ്ട്

കിണർ കുത്തി" (8th May 2016) ഇത് നടക്കുന്നത് നാഗ്പൂർ എന്ന പട്ടണത്തിലാണ്. അയിത്തം മൂലം ദളിതയുവതിക്ക് അയൽക്കാരൻ വെള്ളം നിഷേധിച്ചതിന് ഭർത്താവ് ബാപ്പുറാവു ടാഞ്ചേയാണ് 40 ദിവസം കൊണ്ട് സ്വന്തമായി കിണർകുത്തിയത്. സാധാരണഗതിയിൽ നാലും അഞ്ചും പേർ ചേർന്ന് ചെയ്യുന്ന ജോലി ഇയാൾ ഒറ്റയ്ക്ക് ചെയ്തു. ഭാര്യയ്ക്ക് വേണ്ടിയാണ് കിണർ കുത്തിയതെങ്കിലും പ്രദേശത്തെ ദളിത് വിഭാഗത്തിൽപെട്ട സകല ആൾക്കാർക്കും ഇത് പ്രയോജനമായി മാറുകയായിരുന്നു.

മഹാരാഷ്ട്രയിലെ മിക്കയിടങ്ങളും കടുത്ത വേനലിൽ വലയുന്നതിനിടെ ദളിത് വിഭാഗത്തിൽപെട്ടവരെ വെള്ളം കോരാൻ മറ്റ് സമുദായക്കാർ അനുവദിച്ചിരുന്നില്ല. വാഷിം ജില്ലയിലെ കലമ്പേശ്വർ ഗ്രാമീണനാണ് ടാഞ്ചേ. തുടക്കത്തിൽ സ്വന്തമായി കിണർ കുത്തുന്ന ടാഞ്ചേയ്ക്ക് വട്ടാണെന്നാണ് അയൽക്കാരും ബന്ധുക്കളും സുഹൃത്തുക്കളും പറഞ്ഞിരുന്നത്. ഇപ്പോൾ, ഈ പറഞ്ഞവരെല്ലാം ടാഞ്ചേയുടെ കിണറിന്റെ ഉപയോക്താക്കളായി മാറിയിരിക്കുകയാണ്. കുടുംബത്തിലുള്ളവരുടെ പോലും സഹായമില്ലാതെ ഒറ്റയ്ക്ക് കിണർ കുഴിച്ച ടാഞ്ചേ വെള്ളം കണ്ടെത്താൻ ദിവസവും ആറ് മണിക്കൂർ വീതം ചെലവഴിച്ചു. കിണർ കുത്തുന്നതിൽ മുൻപരിചയവും ഉണ്ടായിരുന്നില്ല.

പാറ നിറഞ്ഞ പ്രദേശത്ത് ആകെയുള്ള മൂന്ന് കിണറുകളും ഒരു കുഴൽകിണറും വേനലിൽ പൂർണ്ണമായും വറ്റിപ്പോയിരുന്നു. ഇതിന് പിന്നാലെയാണ് ടാഞ്ചേ കിണർ കുഴിക്കാൻ ആരംഭിക്കുന്നത്. ജോലി തുടങ്ങിയപ്പോൾ പരിഹസിച്ചവരായിരുന്നു ഏറെ. "ഗ്രാമത്തിൽ കിണറിന്റെ അവകാശം ഏറ്റെടുത്ത് രക്തം ചൊരിക്കാൻ ഇല്ല എന്നും അതുകൊണ്ട് മാത്രമാണ് കിണർ കുഴിച്ചതെന്നും" ടാഞ്ചേ പറഞ്ഞു വയ്ക്കുന്നു.

നിയമജ്ഞനെപ്പോലെ
നമ്മളും
തോറ്റുപോകുന്നത്
തിയറിയ്ക്കല്ല.
മറിച്ച്,
പ്രാക്ടികലിനാണ്.

"വെള്ളം നിഷേധിക്കപ്പെട്ട ദിനം വീട്ടിൽ വന്നിരുന്നു കരഞ്ഞു. അന്ന് തന്നെ ഇനി വെള്ളത്തിനായി ആരോടും ഇരക്കാനില്ലെന്ന് തീരുമാനിച്ചു. ആയുധങ്ങൾ വാങ്ങി അടുത്ത മണിക്കൂറിനുള്ളിൽ ജോലി തുടങ്ങി."

വെള്ളമുള്ള സ്ഥലം കണ്ടെത്താനുള്ള ശാസ്ത്രമൊന്നും അഭ്യസിച്ചിട്ടില്ലാത്ത ടാഞ്ചേ ജോലിക്ക് പോകുന്നതിന് മുമ്പ് ദൈവത്തോട് പ്രാർത്ഥിക്കും. തന്റെ കഠിനാദ്ധ്വാനത്തിന് ഫലമുണ്ടായതിൽ ഇപ്പോൾ ദൈവത്തിന് നന്ദി പറയുകയാണ് ഇയാൾ.

കൂലിപ്പണിക്കാരനായ ടാഞ്ചേ ജോലിക്ക് പോലും പോകാതെയാണ് കിണർ കുഴിക്കലിൽ ഏർപ്പെട്ടത്. 40 ദിവസം തുടർച്ചയായി കിണർകുഴിക്കലിൽ ഏർപ്പെട്ട ഇയാൾ ഇതിനിടയിൽ ഒരു ദിവസം മാത്രമാണ് ജോലി ചെയ്യാതിരുന്നത്. 14 മണിക്കൂറുകൾ ജോലി ചെയ്ത ദിവസം പോലുമുണ്ട്. സമൂഹത്തിന് മുഴുവനും വേണ്ടിയാണ് കിണർ കുത്തിയതെന്നും അതുകൊണ്ട് തന്നെ സവർണ്ണരോട് കുടിവെള്ളത്തിനായി യാചിക്കേണ്ട സ്ഥിതി ഇപ്പോൾ തന്റെ ആൾക്കാർക്കില്ലെന്നും ടാഞ്ചേ പറയുന്നു.

നല്ല സമരിയക്കാരനെ കാണണോ, ടാഞ്ചേയുടെ മുഖത്തേയ്ക്കൊന്നു നോക്കിയാൽ മതി. വെള്ളം അടിസ്ഥാനപരമായ ആവശ്യമാണെന്ന് തിരിച്ചറിവുള്ളവരാണ് എല്ലാവരും. പക്ഷെ, അതിന് വേണ്ടി നല്ല അയൽക്കാരനാകൻ സാധിച്ചത് ടാഞ്ചേയ്ക്ക് മാത്രമാണ്. ഇന്ന് നമുക്ക് നല്ല അയൽക്കാരനാകാൻ സാധിക്കാതെ ഇരിക്കുന്നുണ്ടെങ്കിൽ അതിന് ഒറ്റ കാരണം മാത്രമെയൊള്ളു, "പൂച്ചയ്ക്കാര് മണി കെട്ടും" എന്നും പറഞ്ഞിരിക്കുന്നത് കൊണ്ടുമാത്രമാണ്. ക്രിസ്തു വീണ്ടും പറഞ്ഞ് വയ്ക്കുന്നു, '"മറ്റുള്ളവർ നിങ്ങൾക്കുചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ" (മത്താ 7,12).

സുവിശേഷത്തിലെ ഏറ്റവും പ്രസിദ്ധനായ വ്യക്തി ആരാണ് എന്ന് ചോദിച്ചാൽ അതിന് ഒറ്റ ഉത്തരമെയൊള്ളു, "നല്ല സമരിയക്കാരൻ." സമരിയ എന്നത് ഒരു വിജാതീയ സ്ഥലത്തിന്റെ പേരാണ്. വിജാതിയരെ കുറിച്ച് യഹൂദരുടെ കണക്കുകൂട്ടൽ, "വിജാതിയരിൽ നിന്ന് ഒരിക്കലും നന്മ ഉണ്ടാകില്ല" എന്നതാണ്. എന്നാൽ, യഹൂദരായ പുരോഹിതനും ലേവായനും തോറ്റ് പോയിടത്താണ് മനസ്സിന്റെ അനുകമ്പകൊണ്ട്

സമരിയക്കാരൻ നന്മ ചെയ്യുന്നത്. ഒരു വ്യക്തിയുടെ നന്മ ഒരു സമൂഹത്തെ മുഴുവൻ നന്മയുള്ളവരാക്കി മാറ്റുന്നു. നല്ല സമരിയക്കാരാൻ സുവിശേഷത്തിലെ തന്നെ ഏറ്റവും പ്രസിദ്ധനായ വ്യാക്തിയായി മാറ്റപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം, അദ്ദേഹത്തിന്റെ നന്മ നിറഞ്ഞ പ്രവൃത്തിയാണ്. അദ്ദേഹം ചെയ്ത ക്രിയകൾ 33 മുതൽ 35 വരെ സുവിശേഷകൻ വിവരിക്കുന്നുണ്ട്.

"ഒരു സമരിയാക്കാരൻയാത്രാമധ്യേ അവൻ കിടന്ന സ്ഥലത്തു വന്നു. അവനെക്കണ്ട് മനസ്സലിഞ്ഞ്, അടുത്തുചെന്ന് എണ്ണയും വീഞ്ഞുമൊഴിച്ച്, അവൻെറ മുറിവുകൾ വച്ചു കെട്ടി, തൻെറ കഴുതയുടെ പുറത്തു കയറ്റി ഒരു സത്രത്തിൽ കൊണ്ടുചെന്നു പരിചരിച്ചു. അടുത്ത ദിവസം അവൻ സത്രം സൂക്ഷിപ്പുകാരൻെറ കൈയിൽ രണ്ടു ദനാറ കൊടുത്തിട്ടു പറഞ്ഞു: ഇവൻെറ കാര്യം നോക്കിക്കൊള്ളണം. കൂടുതലായി എന്തെങ്കിലും ചെലവാകുന്നെങ്കിൽ ഞാൻ തിരിച്ചുവരുമ്പോൾ തന്നുകൊള്ളാം" (ലൂക്കാ 10,33 - 35).

തുടർന്ന്, നിയമജ്ഞനോട് ക്രിസ്തു പറയുകയാണ്, "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10,37). ക്രിസ്തു പറയുന്ന "നീയും പോയി അതുപോലെ നന്മ ചെയ്യുക" എന്നത് എന്തിന് വേണ്ടിയിട്ടാണെങ്കിൽ അത് ലൂക്കാ 10,28 - ാം വാക്യത്തിന് വേണ്ടിയിട്ടാണ്. "നിത്യം ജീവിക്കുന്നതിന്" വേണ്ടി. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം. കാരണം, വചനം സാക്ഷ്യപ്പെടുത്തുന്നുണ്ട് ദൈവത്തെ സ്നേഹിക്കുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ, അവൻ കള്ളം പറയുന്നു. കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല.

ആരാണ് അവന്റെ അയൽക്കാരൻ? അവനോട് കരുണ കാണിച്ചവൻ. നീയും പോയി അതുപോലെ ചെയ്യുക!

"ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം." (1യോഹ 4,21). പലപ്പോഴും വി.കുർബ്ബാനയും ജപമാല പ്രാർത്ഥനകളും കുടുംബകൂട്ടായ്മകളിലും പ്രാർത്ഥിച്ച് ദൈവത്തെ സ്നേഹിക്കുന്നു എന്ന് നാം പരസ്യമായി പ്രഖ്യാപിക്കാറുണ്ട്. പക്ഷെ, പ്രഖ്യാപനം വാക്കുകൾക്ക് അതീതമാകണമെങ്കിൽ ദൈവത്തെ സ്നേഹിക്കാൻ സമയം കണ്ടെത്തുന്നത് പോലെ സഹോദരനെയും സ്നേഹിക്കാൻ സമയം കണ്ടെത്തണം. കാരണം വചനം ഓർമ്മപ്പെടുത്തുന്നു;

***"ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ആരെങ്കിലും പറയുകയും***
***സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ,***
***അവൻ കള്ളം പറയുന്നു. കാരണം,***
***കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു***
***കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല. "***

1 യോഹ 4,20

ഫാ. ജോബി മെനോത്ത് : +91 944 7777 931